# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1000    05.03.2020 ൽ മറുപടിക്ക്**

**കണ്ണൂർ ജില്ലയിലെ പ്രളയം തകർത്ത റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ് | ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

എ) കണ്ണൂർ ജില്ലയിൽ പ്രളയം മൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 2019 ഓഗസ്റ്റിന് ശേഷം എത്ര റോഡുകളുടെ പ്രവൃത്തി ടെൻഡർ ചെയ്തുവെന്നും ഇതിന് എത്ര കോടി രൂപ അനുവദിച്ചുവെന്നും അറിയിക്കുമോ;

ബി) ഇതിൽ എത്ര കോടി രൂപയുള്ള പ്രവൃത്തികളുടെ വർക്ക് അവാർഡ് ചെയ്തുവെന്നും എത്ര വർക്കുകൾ ആരംഭിച്ചുവെന്നും അറിയിക്കുമോ?

എ) & ബി) കണ്ണൂർ ജില്ലയിൽ പ്രളയം മൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനു കീഴിൽ 2019-20, ഓഗസ്റ്റിനു ശേഷം എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി 257 പ്രവൃത്തികൾക്ക് 4342.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 243 പ്രവൃത്തികൾ ദർഘാസ് ചെയ്തിട്ടുണ്ട്. 3820 കോടി രൂപയുള്ള 236 പ്രവൃത്തികൾ അവാർഡ് ചെയ്ത് ആരംഭിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിനു കീഴിൽ 2019 ഓഗസ്റ്റിനു ശേഷം 4 പ്രവൃത്തികൾക്ക് 44.1 ലക്ഷം രൂപ അനുവദിക്കുകയും ടെണ്ടർ ചെയ്യുകയും ചെയ്തിരുന്നു. ഇതിൽ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കെ.എസ്സ്.റ്റി.പി മുഖാന്തരം പ്രളയം മൂലം തകർന്ന കണ്ണൂർ ജില്ലയിലെ ഏരൂർ-കമ്പനി നിരത്ത്-ആനപ്പന്തി-അങ്ങാടിക്കടവ്-വാണിയപ്പാറ-ചരൽ-വളവുപാറ-കച്ചേരിക്കടവ്-പാലത്തുകടവ് (24.45 കി.മീ), ഉരുവച്ചാൽ-മണക്കായി-വളയൻ-കീഴല്ലൂർ-തേരൂർ-പാലയോട്-വെള്ളപ്പറമ്പ്-കരിമ്പല കോളനി-മരുതായി റോഡ് (20.43 കി.മീ) എന്നീ റോഡുകളുടെ പുനർനിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇവയുടെ പുനരുദ്ധാരണത്തിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാവുന്ന മുറയ്ക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ